LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി

27 (1498) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതം അനുവദിച്ചുവെന്ന് വർഷം, തുക തിരിച്ച് വിശദമാക്കുമോ ;

(ബി) 2015-16 വർഷം എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചുവെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(സി) മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി എന്ന പേരിൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പദ്ധതിയില്ല. ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതിയിലും ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ നിർമ്മാണം നടത്തിയശേഷം, അഞ്ചുവർഷം മെയിന്റനൻസ് കാലാവധി കഴിഞ്ഞ് ജില്ലാ പഞ്ചായത്തിന് കൈമാറുന്ന പദ്ധതിയാണ് നിലവിലുള്ളത്.

## ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം

28 (1499) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജ സ്വലമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നതെന്നും ഇതിനുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്നും വിശദമാക്കുമോ;

(സി) പുതുതായി ഏതെങ്കിലും പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?